

02-09-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Suraj S

Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/09/2022.

1. കൃഷിവകുപ്പിന്റെ **ഓണസമൃദ്ധി 2022** കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ (സെപ്റ്റംബർ 3-ന്) വൈകുന്നേരം 5 മണിക്ക് പാളയം ഹോർട്ടികോർപ്പ് വിപണിയിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് അദ്ധ്യക്ഷത വഹിക്കും.

2. കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണവിപണിയോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 7 വരെ എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന്റെ മൊബൈൽ യൂണിറ്റുകൾ വഴി പഴം -പച്ചക്കറികൾ വിതരണം നടത്തും. ഏകീകൃത ഡിസൈനിലുള്ള മൊബൈൽ യൂണിറ്റുകൾ ജില്ലകളിലെ എല്ലാ നിയോജക മണ്ഡലങ്ങളും കവർ ചെയ്യുന്ന തരത്തിൽ ഒരാഴ്ച പ്രവർത്തിക്കുന്നതായിരിക്കും. സഞ്ചരിക്കുന്ന ഹോർട്ടി സ്റ്റോറുകൾ വഴി പഴം പച്ചക്കറികളും കർഷക കൂട്ടായ്മകൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഹോർട്ടികോർപ്പിന്റെ തേൻ, തേൻ ഉൽപ്പന്നങ്ങൾ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളായ കേരജം വെളിച്ചെണ്ണ, മറയൂർ ശർക്കര, കേര ഉൽപ്പന്നങ്ങൾ, കുട്ടനാടൻ അരി, കൊടുമൺ അരി എന്നിങ്ങനെ ഓണക്കാലത്ത് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതാണ്.

3. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ഇന്ന് മുതൽ 4 വരെ (സെപ്റ്റംബർ 2 മുതൽ 4 വരെ) കൊച്ചിയിൽ ഹോട്ടൽ ലെ മെറിഡിയനിൽ ലോക നാളികേര ദിനം ആഘോഷവും ശിൽപ ശാലയും നടക്കും. ആഘോഷങ്ങളുടെ ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 2 ന്) കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി നരേന്ദ്രസിംങ് തോമർ ഗുജറാത്തിലെ ജുനഗഡിൽ വിഡിയോ കോൺഫറൺസിങ്ങിലൂടെ നിർവഹിക്കും. ബോർഡിന്റെ സംസ്ഥാന തല ഓഫീസിന്റെ ഉദ്ഘാടനവും, ബോർഡിന്റെ ദേശീയ പുരസ്കാര ജേതാക്കളുടെയും, എക്സ്പോർട്ട് എക്സലൻസ് അവാർഡു ജേതാക്കളുടെയും പ്രഖ്യാപനവും അദ്ദേഹം നടത്തും. കേന്ദ്ര കൃഷി കർഷക ക്ഷേമ വകുപ്പ് സഹമന്ത്രി കൈലാഷ് ചൗധരി കൊച്ചിയിലെ ചടങ്ങിൽ പങ്കെടുത്ത് അവാർഡുകളുടെ വിതരണം നിർവഹിക്കും. ഈ വർഷം നാളികേര ദിനത്തോടനുബന്ധിച്ച് അവാർഡുകളുടെ വിതരണവും **നാളികേരത്തിന്റെ നല്ല കൃഷി രീതികൾ** എന്ന വിഷയത്തെ കുറിച്ച് ഇന്ത്യാ ഗ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വൺമെന്റും, അന്താരാഷ്ട്ര നാളികേര സമൂഹവും സംയുക്തമായി ഹോട്ടൽ ലെ മെറിഡിയനിൽ സംഘടിപ്പിക്കുന്ന ശിൽപശാലയും ഉണ്ടാവും.

4. രാജ്യത്തെ ചെറുകിട നാമമാത്ര കർഷകരുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയായ പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി പി എം കിസാൻ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായ കർഷകർക്ക് വർഷത്തിൽ 3 തവണയായി 6000 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നൽകുന്നു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് കർഷകർ അവരുടെ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കേണ്ടതാണ്. ഇതിന്റെ ആദ്യ പടിയായി പി എം കിസാൻ ഗുണഭോക്താവ് അവരവരുടെ സ്വന്തം കൃഷി ഭൂമിയുടെ വിവരങ്ങൾ കൂടി സമർപ്പിക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാന കൃഷി വകുപ്പിന്റെ 'എയിംസ് (AIMS) പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പി എം കിസാൻ ആനുകൂല്യം തുടർന്ന് ലഭ്യമാകുന്നതിനായി എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും **സെപ്റ്റംബർ 07**-ന് മുൻപായി എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ അടിയന്തരമായി ചേർക്കേണ്ടതാണ്. കൂടാതെ പി എം കിസാനിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് e-KYC നിർബന്ധമാക്കിയിട്ടുണ്ട്. എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 07-ന് മുൻപായി നേരിട്ട് പി എം കിസാൻ പോർട്ടൽ വഴിയോ അക്ഷയ സി. എസ്. സി തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ വഴിയോ e-KYC ചെയ്യേണ്ടതാണ്.

5. ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധവും മായം കലരാത്തതുമായ പാൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീര വികസന വകുപ്പിന്റെ ഓണക്കാല ഊർജ്ജിത പാൽ പരിശോധന സംവിധാനവും, ഇൻഫർമേഷൻ സെന്ററും ക്ഷീരവികസന വകുപ്പിന്റെ പട്ടത്ത് പ്രവർത്തിക്കുന്ന ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിൽ സെപ്റ്റംബർ 3 മുതൽ 7 വരെ സംഘടിപ്പിക്കുന്നു.

6. റബ്ബറിനെ ബാധിക്കുന്ന ചീക്ക് അഥവാ പിങ്കുരോഗത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചും രോഗനിവാരണമാർഗങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (സെപ്റ്റംബർ 02) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

7. വളർത്തു നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് ജനിച്ച് രണ്ടാം മാസത്തിലും മൂന്നാമത്തെ മാസത്തിലും എടുക്കണം. പിന്നീട് വർഷം തോറും ഇവയ്ക്ക് ഈ വാക്സിൻ എടുക്കേണ്ടതാണ്. വാക്സിനേഷനുവേണ്ടി അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

8. കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും നാളെ (സെപ്റ്റംബർ 2) ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പൂവൻ കുഞ്ഞുങ്ങളെ പത്ത് രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബറുത്പന്നനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി സെപ്റ്റംബർ 16-ന് റബ്ബർബോർഡ് ഒരു 'വെർച്വൽ ബയർ സെല്ലർ മീറ്റ്' സംഘടിപ്പിക്കുന്നു. ഇന്ത്യൻ വിപണിയിലെ പുതിയ ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുക, വ്യാപാരബന്ധങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയാണ് റബ്ബർബോർഡിന്റെ വെർചൽ ട്രേഡ് ഫെയർ (വിടിഎഫ്) പോർട്ടലായ https://vtf.rubberboard.org.in/rubberboard -ൽ മീറ്റ് സംഘടിപ്പിക്കുന്നത്. മീറ്റിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് വിടിഎഫ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷനുവേണ്ട അപേക്ഷയും ഉത്പന്നങ്ങളുടെ ലിസ്റ്റും vtf2021@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കുകയോ ചെയ്യാം. ബയർ സെല്ലർ മീറ്റിൽ വ്യത്യസ്തവിഭാഗങ്ങളിൽപെട്ട ഉത്പന്നനിർമ്മാതാക്കൾക്ക് പ്രത്യേക 'സ്ലോട്ടു'കൾ നൽകും. ഉത്പന്നങ്ങൾ വാങ്ങാൻ സാധ്യതയുളളവരുമായി ബന്ധപ്പെടാനും കൂടുതൽ വിവരങ്ങൾ പങ്കുവയ്ക്കാനും ഈ സംവിധാനം അവരെ സഹായിക്കും.

**പരിശീലന പരിപാടികൾ**

10. കേരള കാർഷിക സർവ്വകലാശാലക്കു കീഴിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രം കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 05-നു രാവിലെ 10.30 മുതൽ **ശാസ്ത്രീയ വാഴ കൃഷി** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താല്പര്യമുള്ളവർ **9188223584, 0495 2935850** എന്നീ ഫോൺ നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യത്തെ 30 പേർക്കാണ് മുൻഗണന.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 5 , 6 തീയതികളിൽ രാവിലെ 10 മണി മുതൽ തീറ്റപ്പുൽക്കൃഷി എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 20 രൂപ രജിസ്ട്രേഷൻ ഫീസ് സെപ്റ്റംബർ 05-ന് പരിശീലനത്തിന് എത്തുമ്പോൾ അടയ്ക്കേണ്ടതും ആധാൻ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ ഹാജരാക്കേണ്ടതുമാണ്. പരിശീലനാർത്ഥികൾക്ക് യാത്രാക്കൂലിയായി 100 രൂപയും പ്രതിദിന ദിനബത്ത 150 രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 2302223** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

12. **കോട്ടയം ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- ചീരയിൽ ഇലതീനി പുഴുക്കളെ നിയന്ത്രിക്കാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക.
- മത്തനിൽ പിഞ്ച് കായ്കൾ കൊഴിയുന്നതിനെതിരെ സമ്പൂർണ്ണ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മത്തൻ തോട്ടത്തിൽ കായീച്ചയെ നിയന്ത്രിക്കുവാൻ ഫിറമോൺ കെണികൾ സ്ഥാപിക്കുക.
- വഴുതന വർഗ്ഗ വിളകളിലെ തൈചീയൽ രോഗത്തിന് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ആഴ്ചയിൽ ഒരിക്കൽ ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിച്ചുകൊടുക്കുകയും ചെയ്യുക.